പഠന പിന്തുണാ സാമഗ്രി,

അരീക്കോട്. ബി.ആർ.സി.,

വർക്ക്ഷീറ്റ് അടിസ്ഥാന പാഠാവലി ക്ലാസ്സ്.10

**യൂണിറ്റ് 1. പാഠം -പ്ലാവിലക്കഞ്ഞി**



- *രണ്ടിടങ്ങഴി* പാഠഭാഗം നന്നായി ശ്രദ്ധിച്ചില്ലേ. ഈ പ്രവർത്തനം ഒന്ന് ചെയ്ത് നോക്കൂ.താഴെ കൊടുത്തിരിക്കുന്ന സംഭാഷണ ഭാഗം ശ്രദ്ധിക്കുക.

- " എന്നാലു ഏനും കുടിക്കത്തില്ല".

" ഏന് മയറ്റില്ല് ഒരു കമ്പിതമെടി"

വൃദ്ധൻ പറഞ്ഞു:

മൂഴക്കഴിയിട്ട് തെളപ്പിച്ച

" ഏനാ അത് കുടിച്ചത്. അവള് കുടിച്ചില്ല.

" ഏന കോരിക്കോരിത്തന്നു.

ചിരുത കൃതകൃത്യയായി." അച്ചൻ ചുമ്മാ പറയുവാ, ഏനും കുടിച്ച ----*(രണ്ടിടങ്ങഴി- തകഴി)*

- ജീവിതത്തിന് അഭിവൃദ്ധികരമായ മാറ്റം വരുന്ന ആഹ്ലാദത്തോടെ ചക്കി കറുത്തമ്മയോട് പറഞ്ഞു:

"മൊകാളെ, നമക്കു വള്ളോം വലേം ഉണ്ടാകാറായിപ്പോയി. "

ചക്കി സ്വഗതമായി പറഞ്ഞു:

"കടലാമ്മ കനീഞ്ഞു "

" മനുഷ്യേരെ പറ്റിച്ചാല് കടലാമ്മയ്ക്ക് ദേഷ്യമില്യോ?"

"ഏന്തിനാ അമ്മാച്ചി ആ പാവത്തിനെ പറ്റിച്ച വള്ളോം വലേം. അതു കഷ്ടമാ..

"എന്നതാടി, നീ പറേണത് ?പറ്റിച്ചെന്നോ?"----*( ചെമ്മീൻ -തകഴി)*

- " ചെലോൽത് റെഡ്യാവും

"ചെലോൽത് റെഡിയാവൂല

ന്റെത് റെഡിയായില്ല

ന്റെത് ബേറെ മോഡലാ വന്നത് "

"അങ്ങനായാല് ,മ്മക്ക് ഒരു കൊയ്പ്പല്യ" - *(ഫായിസ് കുഴിമണ്ണ, സോഷ്യൽ മീഡിയ സ്റ്റാർ )*

- *"ആറ്* നാട്ടിൽ നൂറ് ഭാഷയെന്ന് നിങ്ങൾ കേട്ടിരിക്കും. ഇത്തരം *ഭാഷാഭേദങ്ങൾ* അഥവ *വാമൊഴി തനിമകൾ* സാഹിത്യരചനകളെ ആസ്വാദ്യമാക്കുന്നു."

മുകളിൽ കൊടുത്ത സൂചകൾ അടിസ്ഥാനമാക്കി *വിലയിരുത്തൽ കുറിപ്പ്* തയ്യാറാക്കുക.

(*ഉത്തര സൂചനകൾ* - സ്വാഭാവികത, കഥാസന്ദർഭവുമായുള്ള ഒത്തുപോക്ക്, സാംസ്കാരിക തനിമ ,പശ്ചാത്തലം, ലാളിത്യം ,സൗന്ദര്യം/മനോഹാരിത, ഗ്രാമീണത, വൈകാരികത, നാട്ടു തനിമ, ഭാഷയുടെ ജീവൻ )

തയ്യാറാക്കിയത് : സുരേഷ് അരീക്കോട്,9562521509

GHSS AREEKODE